# വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പ് 2023-24

## വോട്ടർമാർക്കുള്ള പൊതുനിർദ്ദേശങ്ങൾ

1. രാവിലെ 10 മണി മുതൽ 1 മണി വരെയാണ് തിരഞ്ഞെടുപ്പ് സമയം. ഒരു മണിക്ക് ക്യൂവിലുള്ള വിദ്യാർത്ഥികൾക്ക് പ്രിസൈഡിംഗ് ഓഫീസർ നൽകുന്ന ടോക്കൺ ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താവുന്നതാണ്. അപ്പോൾ നിലവിലുള്ള ക്യൂവിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥിക്ക് ടോക്കൺ 1 എന്ന നിലയ്ക്ക് ആയിരിക്കും നൽകുക.
2. വിദ്യാർത്ഥികൾ തിരിച്ചറിയൽ രേഖയായി സർവകലാശാല നൽകിയ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്. മറ്റ് സാഹചര്യങ്ങളിൽ സ്കൂൾ ഡയറക്ടർ/സ്കൂളിലെ അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ഫാറം (വെബ്സൈറ്റിൽ ലഭ്യമാണ്) തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നതാണ്.
3. നാല് ബൂത്തുകളിലായാണ് തിരഞ്ഞെടുപ്പ് നടക്കുക. ഓരോ ബൂത്തിലും ഉൾപ്പെട്ട പഠനസ്കൂളുകളുടെയും വോട്ടർമാരുടെയും വിശദാംശങ്ങൾ ബൂത്തിനുപുറത്ത് പ്രദർശിപ്പിക്കുന്നതാണ്.
4. യൂണിയൻ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനായി വ്യത്യസ്ത നിറത്തിലുള്ള ബാലറ്റ് പേപ്പറാണ് ഉപയോഗിക്കുന്നത്.
5. ബാലറ്റ് പേപ്പർ സ്വീകരിക്കുമ്പോൾ വിദ്യാർത്ഥികൾ വോട്ടർ പട്ടികയിൽ അവരുടെ പേരിനുനേരെ ഒപ്പിടണം.
6. പ്രിസൈഡിംഗ് ഓഫീസറിൽനിന്ന് സ്വീകരിക്കുന്ന ബാലറ്റ് പേപ്പറിൽ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു നേരെ വോട്ട് രേഖപ്പെടുത്താനുള്ള കോളത്തിൽ നീല ബാൾപോയിന്റ് പെൻ ഉപയോഗിച്ച് × ചിഹ്നം രേഖപ്പെടുത്തണം.
7. വോട്ട് രേഖപ്പെടുത്തിയശേഷം ബാലറ്റ് പേപ്പർ അതത് ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കണം.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം

വരണാധികാരി